83 (992) വൈദ്യുതി ബോർഡിൽ കൺസൾട്ടന്റുമാരുടെ നിയമനം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. എ.കെ. മണി :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. അടൂർ പ്രകാശ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ കൺസൾട്ടന്റുമാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ആരെല്ലാം;

(ബി) ഇവർക്ക് നൽകുന്ന കൺസൾട്ടൻസി ഫീസ് എത്രയാണ്;

(സി) മറ്റെന്തെല്ലാം ആനുകൂല്യങ്ങൾ ഇവർക്ക് നൽകുന്നുണ്ട്;

(ഡി) കൺസൾട്ടന്റുമാരായി പ്രവർത്തിക്കുന്നവരുടെ വിദ്യാഭ്യാസ യോഗ്യത, പരിചയം, മറ്റുയോഗ്യതകൾ എന്നിവ എന്തെല്ലാമാണ്;

(ഇ) ഇവരെ നിയമിച്ചതിനുശേഷം ഓരോരുത്തരും ശമ്പളം, മറ്റാനുകൂല്യങ്ങൾ എന്നിവ ഉൾപ്പെടെ എന്ത് തുക വീതം കൈപ്പറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) ഉണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഇ) നാഷണൽ തെർമൽ പവർ കോർപ്പറേഷന് ഇതുവരെ 2.57 കോടി രൂപ കൊടുത്തിട്ടുണ്ട്. മെസ്സേഴ്സ് ഫിഷ്നർ കൺസൾട്ടിംഗ് എഞ്ചിനീയേഴ്സ് (ഇൻഡ്യ) പ്രൈവറ്റ് ലിമിറ്റഡിന് 24,45,205 രൂപയും ഇതുവരെ കൊടുത്തിട്ടുണ്ട്. 1999 നവംബർ മാസംവരെയുള്ള ബില്ലുകൾ പ്രകാരം കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതിയുടെ സേവനത്തിനുവേണ്ടി 32,24,789.09 കനേഡിയൻ ഡോളറും, പള്ളിവാസൽ, ചെങ്കുളം, പന്നിയാർ പദ്ധതികളുടെ നവീകരണങ്ങൾക്കുള്ള സേവത്തിനുവേണ്ടി 17,34,366.92 കനേഡിയൻ ഡോളറും നൽകിയിട്ടുണ്ട്. ശ്രീ.ഗോപാലകൃഷ്ണപിള്ളയ്ക്ക് കഴിഞ്ഞ സാമ്പത്തിക വർഷം 48000 രൂപയും, 4/99 മുതൽ 10/99 വരെ 28000 രൂപയും നൽകി. മെസ്സേഴ്സ് "ക്രിസിൽ ബോംബെ" എന്ന സ്ഥാപനമാണ് കൺസൾട്ടന്റുമാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നത്. ഒ.ഇ.സി.എഫ്-ന്റെ കൺസൾട്ടന്റിനെ നിയമിച്ചത് ആർ.ഇ.സി. ന്യൂഡെൽഹിയാണ്. ശ്രീ.ബാബു നാരായണൻ തുകയൊന്നും കൈപ്പറ്റിയിട്ടില്ല.

84 (993) വൈദ്യുതി ബോർഡിന്റെ കർമ്മ സമിതി യോഗങ്ങളിൽ പങ്കെടുക്കുന്ന വിദേശികൾ

ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. പി.ജെ. ജോയി :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. വി. ബാലറാം :

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly